## പ്രസരണ നഷ്ടം കുറയ്ക്കാൻ നടപടി

115 (1658) ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവൈദ്യുത പദ്ധതികളിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി സബ് സ്റ്റേഷനുകളിലേക്ക് എത്തിക്കുന്നതിനിടെ ഏതെല്ലാം വിധത്തിൽ ട്രാൻസ്മിഷൻ നഷ്ടം ഉണ്ടാകുന്നുണ്ട് ;

(ബി) ഇത്തരത്തിലുള്ള നഷ്ടത്തിനിടയാക്കുന്ന എത്ര കിലോമീറ്റർ ട്രാൻസ്മിഷൻ ലൈനുകൾ സംസ്ഥാന വൈദ്യുതി ബോർഡിനുണ്ട് ;

(സി) ഇവയിൽ എത്ര കിലോമീറ്റർ ദൂരത്തിൽ ട്രാൻസ്മിഷൻ ലൈനുകൾ അപകടകരമാംവിധത്തിൽ താഴ്ന്നുകിടക്കുന്നതുമൂലം വൃക്ഷത്തലപ്പിലും മറ്റും തൊട്ട് വൈദ്യുതി നഷ്ടമുണ്ടാകുന്നു ;

(ഡി) ഈ വിധത്തിൽ ഉണ്ടാകുന്ന നഷ്ടം ഒഴിവാക്കാൻ നടപടി എടുക്കാത്തതെന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ജലവൈദ്യുത പദ്ധതികളിൽ നിന്നും ഉൽപ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി 220 കെ.വി, 110 കെ.വി. 66 കെ.വി എന്നീ ട്രാൻസ്മിഷൻ ലൈനുകൾ വഴിയാണ് സബ്സ്റ്റേഷനുകളിൽ എത്തിക്കുന്നത്. ഇത്തരം അലുമിനിയം കമ്പികളിലൂടെ വൈദ്യുതി പ്രവഹിക്കുമ്പോൾ ആ കമ്പികളിലെ റെസിസ്റ്റൻസ് കാരണം കമ്പികൾ ചൂടായി വൈദ്യുതോർജ്ജം താപോർജ്ജമായി നഷ്ടപ്പെടുന്നു. ഇത് സാങ്കേതികമായി എല്ലാ വൈദ്യുതി ചാലകങ്ങളിലും ഉണ്ടാകുന്ന നഷ്ടമാണ്.

(ബി) കേരളത്തിൽ 220 കെ.വി, 2577 കി.മീറ്റർ, 110 കെ. വി. 3524 കിലോമീറ്റർ, 66 കെ. വി. 2962 കിലോമീറ്റർ എന്നീ ലൈനുകളാണ് ഉള്ളത് ഈ ലൈനുകളിലെല്ലാം മേൽപ്പറഞ്ഞ വിധത്തിലുള്ള സാങ്കേതികമായ ഊർജ്ജ നഷ്ടം ഉണ്ടാകുന്നുണ്ട്.

(സി) മേൽപ്പറഞ്ഞ ട്രാൻസ്മിഷൻ ലൈനുകൾ മരച്ചില്ലകളിൽ തട്ടിയാൽ തനിയേ (ആട്ടോമാറ്റിക് ആയി) ഓഫ് ആകാനുള്ള സംവിധാനം ഉണ്ട്. മേൽപ്പറഞ്ഞ ഉയർന്ന വോൾട്ടേജിലുള്ള ലൈനുകളിൽ മരച്ചില്ലകൾ തട്ടുന്നപക്ഷം അവ തീപിടിച്ച് കരിഞ്ഞുപോകുന്നതാണ്.

(ഡി) മുൻകരുതൽ എന്ന നിലയിൽ ട്രാൻസ്മിഷൻ ലൈനുകളുടെ സമീപത്തും താഴെയും ഉള്ള വൃക്ഷങ്ങളും, വൃക്ഷ ശിഖരങ്ങളും, താഴെയുള്ള കുറ്റിക്കാടുകളും വർഷത്തിൽ രണ്ടുപ്രാവശ്യം വെട്ടിനീക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly